# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2198 | 04.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **ചാലക്കുടി മണ്ഡലത്തിലെ മാതൃകാ അംഗൻവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) മാതൃകാ അംഗൻവാടികൾ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് മാതൃകാ അംഗൻവാടികളിൽ ഏർപ്പെടുത്തുക; വിശദമാക്കാമോ; | എ) സംസ്ഥാനത്ത് ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃക അങ്കണവാടി വീതം സ്ഥാപിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നു. 10 സെന്റ് സ്ഥലത്ത് 1584 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ക്ലാസ്സ്റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ ഫീഡിംഗ് റൂം, അടുക്കള, ശിശു സൗഹൃദ ടോയിലെറ്റ്, സ്ത്രീ സൗഹൃദ ടോയിലെറ്റ്, വാഷ് ഏരിയ എന്നീ സൗകര്യങ്ങൾ ഇരുനിലയിലുള്ള മാതൃക അങ്കണവാടി കെട്ടിടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) ചാലക്കുടി മണ്ഡലത്തിലെ ചാലക്കുടി, കൊടകര ബ്ലോക്കുകളിൽപ്പെട്ട ഏതെല്ലാം അംഗൻവാടികളിലാണ് ഈ പദ്ധതി അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | ബി) ചാലക്കുടി നിയോജക മണ്ഡലത്തിലെ കൊടകര ICDS-ന്റെ പരിധിയിലുള്ള കൊടകര ഗ്രാമ പഞ്ചായത്തിലെ 4-ാം നമ്പർ അങ്കണവാടിയെ മാതൃക അങ്കണവാടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ടി അങ്കണവാടി മാതൃക അങ്കണവാടിയായി പ്രവർത്തിച്ചു വരുന്നു. |
| സി) മണ്ഡലത്തിലെ കൂടുതൽ അംഗൻവാടികളെ മാതൃകാ അംഗൻവാടികളാക്കി മാറ്റുന്നതിനും അംഗൻവാടികൾക്ക് പുതിയ കെട്ടിടം | സി) സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ച സാഹചര്യത്തിൽ |

| | |
|---|---|
| നിർമ്മിക്കുന്നതിനും ഫണ്ട് അനുവദിക്കുന്ന-തടക്കമുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | ചാലക്കുടി നിയോജക മണ്ഡലത്തിൽ മാതൃക അങ്കണവാടികൾക്ക പകരം LSGD/MLA ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആധുനിക സൗകര്യങ്ങളുള്ള സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ